ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ആന്റ് (ഡി) ചോദ്യം ഉദിക്കുന്നില്ല. എന്നാൽ പദ്ധതി ലഭിച്ചാൽ അത് പരിശോധിക്കുന്നതാണ്.

ആലങ്ങാട് പഞ്ചായത്തിലെ മണലി എൽ. ഐ. സ്കീമിന് ഭരണാനുമതി

58 (222) ശ്രീ. പി .രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ നിയോജക മണ്ഡലം, ആലങ്ങാട് പഞ്ചായത്തിലെ മണലി എൽ.ഐ. സ്കീമിന് ഭരണാനുമതി നല്കിയത് എന്നാണ് ;

(ബി) ഈ സ്കീമിന് പ്രത്യേകാനുമതി നല്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ പ്രത്യേകാനുമതി എന്ന് നല്കും എന്ന് വ്യക്തമാക്കാമോ ;

(ഇ) മണലി എൽ.ഐ.സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(എഫ്) പ്രസ്തുത സ്കീം ടെൻണ്ടർ ചെയ്യാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ;

(ജി) എന്നേക്ക് ടെൻണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 29-01-2000-ൽ

(ബി,സി&ഡി) 1999 ജൂലൈ മുതൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കി പണി തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പ്രത്യേകാനുമതിയുടെ ആവശ്യം ഉദിക്കുന്നില്ല.

(ഇ) 79 ലക്ഷം രൂപക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

(എഫ്) & (ജി) പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണികൾ നടത്തുന്നാണ്.

59 (223) ചീമേനി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ.കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly